©
കേരള സർക്കാർ
Government of Kerala
2026

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

കേരള ഗസറ്റ്
KERALA GAZETTE
അസാധാരണം
EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

വാല്യം 15
Vol. XV

തിരുവനന്തപുരം, വെള്ളി
Thiruvananthapuram, Friday

2026 ഫെബ്രുവരി 20
20th February 2026
1201 കുംഭം 8
8th Kumbham 1201
1947 ഫാൽഗുനം 1
1st Phalguna 1947

നമ്പർ
No.
711

ഫോറം നം.7

{RFCT LARR ചട്ടം 18(1) കാണുക}

RFCT LARR ആക്ട് വകുപ്പ് 11(1) പ്രകാരം പരസ്യപ്പെടുത്തുന്ന പ്രാഥമിക വിജ്ഞാപനം

നമ്പർ: DCMPM/3754/2020-LA4 തീയതി :18.02.2026

കേരള സർക്കാരിന്റെ 03.08.2019 തീയതിയിലെ സർക്കാർ G.O.(P) 46/2019/RD നമ്പർ വിജ്ഞാപന പ്രകാരം 2013-ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും, പുന:സ്ഥാപനത്തിനുമുള്ള അവകാശ നിയമത്തിനു

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

വിധേയമായി മലപ്പുറം ജില്ലയിലെ സ്ഥലമെടുപ്പ് പ്രവർത്തനങ്ങളിൽ കളക്ടറുടെ ചുമതലകൾ നിറവേറ്റുന്നതിനായി നിയമിച്ചിട്ടുള്ളതിനാലും.

നിർദിഷ്ട ഏറ്റെടുക്കലിൽ പൊന്നുംവില നടപടിയുടെ പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അഡ്മിനിസ്ട്രേറ്ററായി മലപ്പുറം ലാൻഡ് അക്വിസിഷൻ ഡെപ്യൂട്ടി കളക്ടറെ നിയോഗിക്കപ്പെട്ടിട്ടുള്ളതിനാലും.

ചുവടെ പട്ടികയിൽ വിവരിച്ചിരിക്കുന്ന ഭൂമി ഒരു പൊതു ആവശ്യത്തിന് അതായത് മലപ്പുറം ജില്ലയിൽ പൊന്നാനി താലൂക്കിൽ ബീയ്യം കായലിനു കുറുകെ മാറഞ്ചേരി, എടപ്പാൾ എന്നീ വില്ലേജുകളെ ബന്ധിപ്പിക്കുന്ന ഒളമ്പക്കടവ് പാലം അനുബന്ധ റോഡ് നിർമാണത്തിനായി ഭൂമി ആവശ്യമുണ്ടെന്നോ ആവശ്യമുണ്ടായേക്കാമെന്നോ കേരള സർക്കാരിന് ബോധ്യപ്പെട്ടിരിക്കുന്നതിനാലും.

ഇപ്പോൾ തൻമൂലം അതുമായി ബന്ധപ്പെട്ട എല്ലാ വ്യക്തികൾക്കും 2013-ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും, സുതാര്യതയ്ക്കും, പുനരധിവാസത്തിനും, പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമത്തിന്റെ 11-ാം വകുപ്പ് 1-ാം ഉപവകുപ്പിലെ വ്യവസ്ഥകൾക്ക് അനുസൃതമായി ഇക്കാര്യത്തിലുള്ള അറിയിപ്പ് ഇതിനാൽ നൽകുകയും ചെയ്യുന്നു.

പൊന്നുംവിലക്കെടുക്കാൻ തീരുമാനിച്ചിട്ടുള്ള ഭൂമിയിൽ തൽപരകക്ഷികളായിട്ടുള്ള എല്ലാ വ്യക്തികളോടും ഭൂരേഖകൾ നാളതീകരിക്കുന്നത് സംബന്ധിച്ചും സ്ഥലത്തിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ചും ആക്ഷേപം ഉണ്ടെങ്കിൽ ആയത് മേൽ വിജ്ഞാപനം പ്രസിദ്ധപ്പെടുത്തിയ തീയതിയോ ഇതു സംബന്ധിച്ച പൊതു നോട്ടീസിന്റെ തീയതിയോ ഏതാണോ അവസാനം വരുന്നത് ആ തീയതി മുതൽ 15 ദിവസത്തിനകം രേഖാമൂലമുള്ള പ്രസ്താവന, പൊന്നുംവില ഓഫീസറായ സ്പെഷ്യൽ തഹസിൽദാർ, (എൽ.എ.) യൂണിറ്റ്-3 കിഫ്ബി, മലപ്പുറം മുൻപാകെ സമർപ്പിക്കേണ്ടതാണ്. നിശ്ചിത സമയ പരിധിക്കുള്ളിൽ ലഭിക്കാത്ത ആക്ഷേപങ്ങളും, അപേക്ഷകന് ഭൂമിയിലുള്ള താല്പര്യം സംശയലേശമന്യേ വിശദീകരിക്കാത്ത ആക്ഷേപങ്ങളും നിരുപാധികം നിരസിക്കപ്പെടുന്നതാണ്.

പട്ടികയും സാമൂഹ്യ പ്രത്യാഘാത പഠന റിപ്പോർട്ട് സംഗ്രഹവും താഴെ ചേർക്കുന്നു. ആയതിന്റെ പൂർണ രൂപം https://malappuram.nic.in. എന്ന വെബ് സൈറ്റിൽ ലഭ്യമാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

പട്ടിക

ജില്ല : മലപ്പുറം **താലൂക്ക് : പൊന്നാനി**

(ഏകദേശ വിസ്തീർണം ചേർത്തിരിക്കുന്നു)

ക്രമ നം.	വില്ലേജ്	സർവ്വെ നം.	ഭൂമിയുടെ തരം	വിസ്തീർണം (ഹെക്ടർ)	പൊതു ആവശ്യത്തിന്റെ സ്വഭാവം	ബാധിക്കപ്പെട്ട കുടുംബങ്ങളെ മാറ്റി പാർപ്പിക്കുന്നതിനുള്ള കാരണം	ഉടമസ്ഥർ
1	മാറഞ്ചേരി	165/1	തോട്ടം	0.0919	ബീയ്യം കാലിനു കുറുകെ ഒളമ്പക്കടവ് പാലം അനുബന്ധ റോഡ് നിർമ്മിക്കുന്നതിന് ഭൂമി ഏറ്റെടുക്കൽ	ബാധകമല്ല	കബീർ കെ.പി., S/o അബൂബക്കർ, കണ്ടത്ത് വളപ്പിൽ മാറഞ്ചേരി, 9745558987
2	മാറഞ്ചേരി	165/1	തോട്ടം			ബാധകമല്ല	മുഹമ്മദലി, S/o കുഞ്ഞിമരക്കാർ, പാണം വളപ്പിൽ, മാറഞ്ചേരി, 8111864742
3	മാറഞ്ചേരി	165/1	തോട്ടം			ബാധകമല്ല	മുഹമ്മദലി, നവാസ്, നൗഫൽ മുതൽ പേർ വക സ്വകാര്യ വഴി
4	മാറഞ്ചേരി	165/1	തോട്ടം			ബാധകമല്ല	1)അബൂബക്കർ,

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

							S/o മൊയ്തു, കണ്ടത്ത് വളപ്പിൽ, മാറഞ്ചേരി 2)കദീജ, W/o അബൂബക്കർ
5	മാറഞ്ചേരി	165/1	തോട്ടം			ബാധകമല്ല	മുനീർ, ഇക്ബാൽ, മുബീർ, കുഞ്ഞുമോൻ മുതൽ പേർ വക സ്വകാര്യ വഴി
6	മാറഞ്ചേരി	165/1	തോട്ടം			ബാധകമല്ല	1)അബ്ദുൾ റഷീദ്, S/o അബ്ദു റഹിമാൻ, പാലക്കൽ, മാറഞ്ചേരി 2)ഫബിന, W/o അബ്ദുൾ റഷീദ്, 9562571164, 9446048164
7	മാറഞ്ചേരി	165/1	തോട്ടം			ബാധകമല്ല	ബീന, D/o അബ്ദുറഹിമാൻ, പാലക്കൽ , മാറഞ്ചേരി & മുതൽ പേർ
8	മാറഞ്ചേരി	165/1	തോട്ടം			ബാധകമല്ല	നാളത് റോഡ്
9	മാറഞ്ചേരി	161/1	നഞ്ച	0.0176		ബാധകമല്ല	അനൂപ് വി.കെ., S/o കുഞ്ഞിമോൻ,

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

							വലിയവീട്ടിൽ, മാറഞ്ചേരി, 9961670414 & മുതൽ പേർ
10	മാറഞ്ചേരി	145/3	തോട്ടം	0.0724		ബാധകമല്ല	1.അബൂബക്കർ ഹാജി, S/o കുഞ്ഞഹമ്മദ്, ചെറ്റാരയിൽ, വടമുക്ക്, മാറഞ്ചേരി & മുതൽ പേർ 2. നാളത് റോഡ്

സാമൂഹ്യപ്രത്യാഘാത പഠനത്തിന്റെ സംക്ഷിപ്ത രൂപം

മലപ്പുറം ജില്ലയിൽ പൊന്നാനി താലൂക്കിലെ മാറഞ്ചേരി, എടപ്പാൾ എന്നീ വില്ലേജുകളിൽ നിന്ന് 0.1707 ഹെക്ടർ ഭൂമി ഏറ്റെടുത്ത് ബീയ്യം കായലിനു കുറുകെ ഒളമ്പക്കടവ് പാലവും അനുബന്ധ റോഡും നിർമ്മിക്കുന്നത് വളരെ അനിവാര്യവും അടിയന്തിരവുമായ ഒരു പൊതു താല്പര്യ പദ്ധതിയാണ്. ഒലമ്പക്കടവ് പാലവും അനുബന്ധ റോഡ് നിർമാണവും മലപ്പുറം ജില്ലയിലെ സുപ്രധാന പദ്ധതികളിൽ ഒന്നാണ്. മാറഞ്ചേരി , എടപ്പാൾ ഗ്രാമപഞ്ചായത്തുകൾക്കിടയിൽ ബീയ്യം കായലിനു കുറുകെയാണ് നിർദ്ദിഷ്ട പാലം നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നത്.

മാറഞ്ചേരി ഗ്രാമപഞ്ചായത്തിലെ കുണ്ടുകടവ്- കോട്ടുപ്പടി റോഡിനേയും എടപ്പാൾ ഗ്രാമപഞ്ചായത്തിലെ നടുവട്ടം- കാഞ്ഞിരമുക്ക് അത്താണി റോഡിനേയും ബന്ധിപ്പിക്കുന്നതാണ് നിർദ്ദിഷ്ട പാലം. തവനൂർ, പൊന്നാനി എന്നീ നിയമസഭ മണ്ഡലങ്ങളെ കൂട്ടിബന്ധിപ്പിക്കുന്നതാണ് ഈ പാലം. ഇതു മൂലം മാറഞ്ചേരിയിൽ നിന്നും എടപ്പാളിലേക്ക് റോഡ് മാർഗം 6 കി.മീ -ൽ അധികം ദൂരം കുറയും, സംസ്ഥാന പാത 69-ലേക്ക് ഈ പാലം വഴി സഞ്ചാരം സുഗമമാവുകയും ചെയ്യുന്നതാണ്.

മാറഞ്ചേരി ഗ്രാമപഞ്ചയാത്തിനെ എടപ്പാൾ ഗ്രാമപഞ്ചായത്തുമായി ബന്ധിപ്പിക്കുന്നതാണ് നിർദ്ദിഷ്ട പാലം. പദ്ധതി പ്രദേശത്തു നിന്നും ഏറ്റവും അടുത്തുള്ള റെയിൽവെ സ്റ്റേഷനായ കുറ്റിപ്പുറം

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

റെയിൽവെ സ്റ്റേഷനിലേക്ക് ഏകദേശം 22 കി.മീ. ദൂരവും പൊന്നാനി കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷനിലേക്ക് വെറും 10 കി.മീ. ദൂരവുമാണുള്ളത്. പൊതുജനങ്ങൾക്ക് പ്രയോജനകരമാകുന്നതിനും പ്രദേശത്തിന്റെ വികസനത്തിനും വേണ്ടിയാണ് പദ്ധതി രൂപ കല്പന ചെയ്തിരിക്കുന്നത്. 607 മീറ്ററാണ് നിർദ്ദിഷ്ട പാലത്തിന്റെ നീളം. 7.5 മീറ്റർ വീതിയിൽ ഗതാഗതത്തിനുള്ള കാര്യേജും ഇരുവശങ്ങളിലും 1.5 മീറ്റർ വീതിയിലുള്ള നടപ്പാതയും ഉൾപ്പെടെ 11 മീറ്ററാണ് പാലത്തിന്റെ വീതി. അനുബന്ധ റോഡിന്റെ ആകെയുള്ള നീളം 243 മീറ്ററാണ്. നിർദ്ദിഷ്ട പദ്ധതി പ്രകാരം കോലൊളമ്പ് ഭാഗത്ത് കോൺക്രീറ്റ് ഡിപ്പും മാറഞ്ചേരി ഭാഗത്ത് ആർ.സി.സി. ഡ്രൈനേജും നിർബന്ധമാക്കിയിട്ടുണ്ട്. റോഡിന്റെ വശങ്ങളിൽ 0.75 മീറ്റർ മുതൽ 1.25 മീറ്റർ വരെ കോൺക്രീറ്റ് ഷോൾഡർ സ്ഥാപിക്കുന്നതിനും പദ്ധതി രൂപരേഖ പ്രകാരം വിഭാവനം ചെയ്തിട്ടുണ്ട്.

2013-ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാത്തിനും സുതാര്യത്യയ്ക്കും പുനരധിവാസത്തിനും , പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമം, ബാധകമായ മറ്റ് നിയമങ്ങൾ, സർക്കാർ ഉത്തരവുകൾ എന്നിവ പ്രകാരം പദ്ധതിക്കായി ഭൂമി ഏറ്റെടുക്കുന്ന എല്ലാ ഉടമസ്ഥർക്കും ഉചിതവും ന്യായവും മതിയായതും നിയമാനുസൃതവുമായ നഷ്ടപരിഹാരം നൽകി ഭൂമി ഏറ്റെടുത്ത് സമയബന്ധിതമായി പദ്ധതി നടപ്പാക്കേണ്ടതാണ്.

പദ്ധതിയിൽ സംഭവിക്കാനിടയുള്ള ആഘാതങ്ങളും ഗുണങ്ങളും തുലനം ചെയ്യുമ്പോൾ ഭൂമി നഷ്ടപ്പെടുന്ന കുടുംബങ്ങൾക്ക് ശരിയായ ലഘൂകരണ നടപടികൾ കൈക്കൊള്ളേണ്ടതുണ്ടെന്ന് കാണുന്നതിനാലും നിർദ്ദിഷ്ട അലൈൻമെന്റ് ആഘാതങ്ങൽ പരമാവധി കുറയ്ക്കുമെന്ന് കാണുന്നതിനാലും 2013-ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും, സുതാര്യതയ്ക്കും പുനരധിവാസത്തിനും, പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമം , ബാധകമായ മറ്റ് നിയമങ്ങൾ, സർക്കാർ ഉത്തരവുകൾ എന്നിവ പ്രകാരം താഴെ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി പദ്ധതി നടപ്പിലാക്കേണ്ടതാണ്.

പദ്ധതി മൂലം ഭൂമി , മരങ്ങൾ, ഫലവൃക്ഷങ്ങൾ, ചമയങ്ങൾ, കൃഷി, ഉപജീവനം തുടങ്ങിയവ നഷ്ടപ്പെടുന്ന എല്ലാ ഭൂവുടമകൾക്കും നിയമപ്രകാരം പരമാവധിയും ന്യായവുമായ നഷ്ടപരിഹാരം സമയബന്ധിതമായി നൽകേണ്ടതും , പദ്ധതി മൂലം അവശേഷിക്കുന്ന ഭൂമിയിലേക്കുള്ള പ്രവേശന മാർഗങ്ങളുടെ നഷ്ടം, പ്രവേശന മാർഗങ്ങളുടെ പുനസ്ഥാപനം എന്നിവ പദ്ധതിയിൽ ഉൾപ്പെടുത്തി നികത്തേണ്ടതുമാണ്.

സ്ഥലം ഏറ്റെടുക്കുന്നതു വഴി ഭൂമി , മരങ്ങൾ, ഫലവൃക്ഷങ്ങൾ, ചുറ്റുമതിൽ, കമ്പിവേലി, കൃഷി , ജീവനോപാധികൾ തുടങ്ങിയവ ഭാഗീകമായി നഷ്ടപ്പെടുന്നുണ്ട്. നിയമാനുസൃതമായ നഷ്ടപരിഹാരം ഇവർക്ക് ലഭിക്കണം. 2013-ലെ ഭൂമി ഏറ്റെടുക്കൽ നിയമത്തിലെ (RFCT LARR Act) വകുപ്പുകൾ ഇതിന്

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

പര്യാപ്തമാണ്. വേഗത്തിൽ ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തിയാക്കി ബാധിതരുടെ കഷ്ടനഷ്ടങ്ങൾ ഒഴിവാക്കി പദ്ധതി നടപ്പാക്കണമെന്ന് പഠന സംഘം ശിപാർശ ചെയ്യുന്നു.

(ഒപ്പ്)
ജില്ലാ കളക്ടർ,
മലപ്പുറം

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2026.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2026.02.20 02:36:47 +05:30